## തൊഴിലും നൈപുണ്യവും വകുപ്പിലെ ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി- പുരോഗതി റിപ്പോർട്ട്

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി ജൂൺ 15 മുതൽ തീവ്രയജ്ഞ പരിപാടി സർക്കാർ പ്രഖ്യാപിച്ചിരുന്നു . ആയതിന്റെ ഭാഗമായി ഫയൽ തീർപ്പാക്കൽ യജ്ഞം എപ്രകാരം നടപ്പിലാക്കണമെന്നതു സംബന്ധിച്ച് ഒരു മാർഗ്ഗനിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ തീവ്രഫയൽ തീർപ്പാക്കൽ യജ്ഞം വകുപ്പിൽ നടപ്പിലാക്കുകയുണ്ടായി .

ഫയൽ തീർപ്പാക്കൽ വേഗത്തിൽ ആക്കുന്നതിലേയ്ക്കായി സെക്രട്ടറി തലത്തിൽ 4 യോഗങ്ങളും ബഹു മന്ത്രിതലത്തിൽ 3 യോഗങ്ങളും ചേരുകയുണ്ടായി. ഫയലുകൾ തീർപ്പാക്കുന്നതിൽ വകുപ്പും വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളും ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുകയും 31.3.2022 വരെ തീർപ്പാക്കാൻ ഉണ്ടായിരുന്ന ഫയലുകളിൽ ഫയൽ അദാലത്ത് തീവ്രയജ്ഞം 2022 മുഖേന 15.12.2022 വരെ 64.81% ഫയലുകൾ തീർപ്പാക്കുകയുണ്ടായി.

### 31.3.2022 വരെ തീർപ്പാക്കാൻ ഉണ്ടായിരുന്ന ഫയലുകളിൽ ഫയൽ അദാലത്ത് തീവ്രയജ്ഞം 2022 മുഖേന തീർപ്പാക്കിയ ഫയലുകളുടെ റിപ്പോർട്ട്

| ക്രമ നം | വകുപ്പുകൾ | തീർപ്പാക്കാൻ ഉണ്ടായിരുന്ന ഫയലുകൾ | തീർപ്പാക്കിയ ഫയലുകൾ | തീർപ്പാക്കലിന്റെ ശതമാനം |
|---|---|---|---|---|
| 1 | സെക്രട്ടേറിയറ്റ് വകുപ്പ് | 3282 | 1935 | 58.96% |
| 2 | വകുപ്പ് തലവൻമാർ / പൊതുമേഖലാ സ്ഥാപനങ്ങൾ / ബോർഡുകൾ | 29763 | 19482 | 65.46% |
| | ആകെ | 33,045 | 21,417 | 64.81% |